സർട്ടിഫിക്കറ്റുകളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിലും, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് റവന്യൂ (ഡി.ആർ.എഫ്.എ) വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള വിവിധ സർക്കാർ ഉത്തരവുകളുടെയും മറ്റു നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലും ജനസമ്പർക്ക പരിപാടി ദിവസം മുഖ്യമന്ത്രിയും അദ്ദേഹം ചുമതലപ്പെടുത്തിയ മന്ത്രിമാരും പരാതിക്കാരെ നേരിൽ കേട്ടുമാണ് സാമ്പത്തിക സഹായം അനുവദിച്ചിട്ടുള്ളത്.

'മിഷൻ 676' മുഖേന നടപ്പാക്കുന്ന പദ്ധതികൾ

13 (6158) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

2014-15 വരെയുള്ള ബഡ്ജറ്റുകളിൽ നിർദ്ദേശിക്കാത്ത എത്ര പദ്ധതികൾ 'മിഷൻ 676' പദ്ധതിയിലൂടെ നടപ്പാക്കുന്നുണ്ട് ; അവ ഏതെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

സംസ്ഥാന ആസൂത്രണ ബോർഡ് നിർദ്ദേശിച്ച 'മിഷൻ 676' പദ്ധതിയിൽ ഉൾപ്പെട്ടതും 2014-15 വരെയുള്ള ബജറ്റുകളിൽ ഉൾപ്പെടാത്തതുമായ പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. സർവ്വീസിൽ നിന്നും വിരമിച്ച വിദഗ്ദ്ധരുടെ വൈദഗ്ദ്ധ്യം സംസ്ഥാനത്തിന്റെ വികസനത്തിന് ഉപയോഗപ്പെടുത്താൻ രൂപീകരിച്ച കൺസോർഷ്യത്തിന്റെ പ്രവർത്തനം ആരംഭിക്കും.

2. കേരള ഇൻഫ്രാസ്ട്രക്ചർ ബിൽ കൊണ്ടുവരും. ഇതോടൊപ്പം കേരള സ്റ്റേറ്റ് ഇൻഫ്രാസ്ട്രക്ചർ ഡെലവപ്മെന്റ് ബോർഡ് രൂപീകരിക്കും.

അട്ടപ്പാടിയിലെ ആദിവാസി ഭൂമി കയ്യേറ്റം

14 (6159) ശ്രീ. എ. കെ. ബാലൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലെ ആദിവാസി ഭൂമി കയ്യേറ്റത്തെക്കുറിച്ച് പരിശോധിക്കാൻ നിയോഗിച്ച ചീഫ് സെക്രട്ടറിയുടെ പ്രധാന ശുപാർശകൾ എന്തെല്ലാമായിരുന്നു ; അവ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) നിർദ്ദേശങ്ങളിൽ ഓരോ വകുപ്പും നടപ്പിലാക്കേണ്ടിയിരുന്നവ ഉറപ്പാക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചത് ; വിശദമാക്കാമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട ശുപാർശകൾ അനുബന്ധമായി ചേർക്കുന്നു.* മറ്റ് വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly